(ബി) പ്രസ്തുത ഭൂമിയിൽ എത്രയും വേഗം കെട്ടിടം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചുവോ; അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ചാത്തന്നൂരിൽ പ്രസ്തുത കെട്ടിട നിർമ്മാണം നടത്തുന്നതിലേയ്ക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലായെങ്കിൽ എന്നത്തേയ്ക്ക് കെട്ടിട നർമ്മാണം നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24-11-2011 ജി.ഒ.(എംഎസ്.) നമ്പർ 430/2011/റവന്യൂ സർക്കാർ ഉത്തരവ് പ്രകാരം ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 30-ലെ റീ സർവ്വെ 158/2-ൽ 4.05 ആർ റവന്യൂ ഭൂമി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ട്രഷറി വകുപ്പിന് ലഭിച്ചിട്ടുണ്ട്.

(ബി) അപേക്ഷ ലഭിച്ചിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ (TIDP) ഉൾപ്പെടുത്തി ചാത്തന്നൂർ സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കാവുന്നതാണ്. ഇതിലേയ്ക്കായി വിശദമായ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറോട് ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ തടസ്സങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി സബ്ട്രഷറിയുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കാരുണ്യ ബെനവലന്റ് സ്കീം

114 (1854) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലൻറ് സ്കീമിൽപ്പെടുത്തി ആലപ്പുഴ ജില്ലയിൽ ആകെ നൽകിയ ചികിത്സാ സഹായം എത്ര രൂപയാണെന്നും ഏതെല്ലാം രോഗങ്ങൾക്കാണെന്നും താലൂക്ക് തിരിച്ചുള്ള കണക്ക് തരാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചേർത്തല താലൂക്കിലെ വിവിധ മേഖലകളിൽപ്പെട്ട രോഗികളിൽ നിന്നും ലോട്ടറി ഓഫീസ് വഴി സമർപ്പിക്കപ്പെട്ട കാരുണ്യ ചികിത്സാ പദ്ധതി പ്രകാരമുള്ള അപേക്ഷകളിൽ എത്രയെണ്ണം നിരസിക്കപ്പെട്ടുവെന്നും നിലവിൽ എത്ര കേസുകൾ നടപടിയാകാതെയും സഹായം അനുവദിക്കാതെയും കിടപ്പുണ്ടെന്നും പറയാമോ; ഇപ്രകാരം സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കാരുണ്യ ബെനവലന്റ് സ്കീമിൽപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 9168 പേർക്ക് 29-11-2015 വരെയുള്ള കാലയളവിൽ 60,95,92,298 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

പ്രധാനമായും ക്യാൻസർ, വൃക്ക (ഡയാലിസിസ് ഉൾപ്പെടെ), തലച്ചോർ, കരൾ, ഹൃദയം സംബന്ധമായ അസുഖങ്ങൾക്കാണ് ചികിത്സ നൽകിയിട്ടുള്ളത്. എന്നാൽ താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

കോ-ഇൻഷ്വറൻസ് സംവിധാനം

115 (1855) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദ്യേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ ഏർപ്പെടുന്നതുകൊണ്ട് സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേയ്ക്ക് വലിയൊരു തുക സമാഹരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സഹകരണ സ്ഥാപനങ്ങൾക്ക് സംതൃപ്തമായ ഇൻഷ്വറൻസ് ഇടപാട് വകുപ്പ് മുഖേന നടത്തുന്നതിനും ഈ സംവിധാനം ഉപകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly